**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ മുൻ സർക്കാർ ഏർപ്പെടുത്തിയ നിർമ്മാണ നിരോധനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/2007 എന്നീ കേസുകളിലെ 21/01/2010- ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും റവന്യൂ, തദ്ദേശസ്വയംഭരണം, പൊലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ. ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ നിരോധനം മൂലം പ്രസ്തുത ജില്ലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; നിർമ്മാണ നിരോധനം പൂർണ്ണമായി പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച് 17.12.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുള്ളതാണ്. ബോധപൂർവ്വവും ചട്ടങ്ങൾ പാലിക്കാതെയുമുള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതല്ല എന്നും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിലും സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചു കൊണ്ട് പോസിറ്റീവായ നിലപാടുകൾ സ്വീകരിക്കുമെന്നും ടി യോഗത്തിൽ തീരുമാനിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 11/01/2021, 26/10/2021, 14/02/2022 എന്നീ തീയതികളിൽ യോഗം ചേരുകയും പട്ടയ വ്യവസ്ഥ ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഭൂപതിവ് നിയമത്തിലും ചട്ടത്തിലും വേണ്ട ഭേദഗതികൾ വരുത്തുന്ന കാര്യം ചർച്ച ചെയ്യുകയുണ്ടായി. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ